**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** **12-01-2021 - ൽ മറുപടിയ്ക്ക്**

**ലോക കേരളസഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലോക കേരള സഭ രൂപീകരിച്ചതുമൂലം സാധാരണക്കാരായ പ്രവാസികൾക്ക് നേട്ടമുണ്ടായതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടായതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. നേട്ടങ്ങൾ ചുവടെ ചേർക്കുന്നു. 1. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു. ഇത് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. 2. പ്രവാസികളുടെ നാട്ടിലുള്ള പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായി 06/07/2018 തീയതിയിലെ സ.ഉ.(സാധാ) നം. 406/2018/നോർക്ക ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി എല്ലാ ജില്ലയിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചു. പ്രവാസികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ പ്രസ്തുത കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. അതിൻമേൽ നടപടി സ്വീകരിച്ച് അവരെ അറിയിക്കുന്നതിന് ഫലപ്രദമായ രീതിയിൽ കമ്മിറ്റി പ്രവർത്തിക്കുന്നു. 3. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. 4. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം ആരംഭിച്ചു. 5. പ്രവാസികളുടെ സാഹിത്യ വാസനകൾ പരിപോഷിപ്പിക്കുന്നതിന് "ലോക മലയാളം" എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. |
| (ബി) | 2018-ലെ ഒന്നാം ലോക കേരള സഭയിലും 2020 ലെ രണ്ടാം ലോക കേരള സഭയിലും എടുത്ത പ്രധാന | (ബി) | ഒന്നാം ലോക കേരള സഭയിൽ എടുത്ത തീരുമാനങ്ങളും നടപ്പാക്കിയവയുടെ വിവരങ്ങളും |

| | | | |
|---|---|---|---|
| | തീരുമാനങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ തീരുമാനങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; | | ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചു വരുന്നു. |
| (സി) | ലോക കേരള സഭക്ക് നിയമപ്രാബല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനായുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ലോക കേരള സഭയ്ക്ക് നിയമപ്രാബല്ല്യം നൽകുന്നതിന് കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഡി) | ലോക കേരളസഭകൾ 2018 ലും 2020ലും ചേരുന്നതിന് ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം വിശദമാക്കുമോ? | (ഡി) | 2018 ലോക കേരള സഭയ്ക്കായി 2,03,21,861/- രൂപയും (രണ്ട് കോടി മൂന്നു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) 2020 ലോക കേരള സഭയ്ക്കായി 1,21,68,733/- രൂപയും (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഒന്നാം ലോക കേരള സഭ

ലോക കേരള സഭയുടെ പ്രഥമ സമ്മേളനം 2018 ജനുവരി 12,13 തീയതികളിൽ തിരുവനന്തപുരം നിയമസഭ മന്ദിരത്തിൽ നടത്തുകയുണ്ടായി. ഈ സമ്മേളനത്തിൽ ഉരുത്തിഞ്ഞുവന്ന തീരുമാനങ്ങളിൽ മുഖ്യമായത് ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരിക്കുക, ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ്. ആയതിൻപ്രകാരം താഴെക്കാണുന്ന ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ, ബഹു. ചീഫ് സെക്രട്ടറി സെക്രട്ടറിയായ ലോക കേരള സഭ സെക്രട്ടേറിയറ്റ് എന്നിവ രൂപീകരിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച 48 ശുപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 ശുപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു.

1. എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി

കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു.മുഖ്യമന്ത്രി ചെയർമാനായി കമ്പനി രൂപവത്ക്കരിച്ചു. കമ്പനിയെ 100% സർക്കാർ കമ്പനിയാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം, തുറമുഖം, എയർപോർട്ട്, എൻ.ആർ.ഐ ടൗൺഷിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, നിർമ്മാണം, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്, മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ കമ്പനിയിൻ കീഴിൽ കൺസ്ട്രക്ഷൻ കമ്പനിയടക്കം ദീർഘകാല ലാഭവും വളർച്ചയും കൈവരിക്കുന്നതിന് പ്രായോഗികമായ പ്രോജക്ടുകൾ കമ്പനി നിക്ഷേപകർക്ക് നൽകുന്നു. കമ്പനിയുടെ നയപരവും ഭരണപരവുമായ കാര്യങ്ങളിൽ തീരുമാനം എടുക്കാനുള്ള അധികാരവും കമ്പനിയുടെ നിയന്ത്രണവും സർക്കാരിൽ നിക്ഷിപ്തമാണ്.പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട് **Reststop** എന്ന പേരിൽ **SPV** രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റ പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനായി ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ സർക്കാരിന്റെ അധീനതയിൽപ്പെട്ട അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ആയത് കമ്പനിക്ക് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

2. എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി

അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.കെ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.

3. പ്രവാസി സഹകരണ സംഘം

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള "കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499" എന്ന പേരിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രസ്തുത സംഘത്തിന്റെ നിയമാവലിയിൽ വ്യവസ്ഥകളുണ്ട്. ഗതാഗതം, ലേബർ കോൺട്രാക്ട് മെയിന്റനൻസ്, ടൂറിസം, വിദ്യാഭ്യാസം, വിവര സാങ്കേതിക മേഖല, മാർക്കറ്റിംഗ്, ഭവന നിർമ്മാണം, കെ-ഫോൺ പദ്ധതി, ഇലക്ട്രിക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങിയ സാമൂഹിക പ്രതിബദ്ധതയോടെയുള്ള നിരവധി പദ്ധതികളാണ് സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നത്. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ആതുര സേവന രംഗത്ത് സഹകരണ മേഖലയിൽ പബ്ലിക്ക് ഹെൽത്ത് ക്ലിനിക്കൽ ലാബുകൾ, പൊതു സ്വകാര്യ മേഖലയിലെ വിവിധ തലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ വിവിധ വ്യവസായ സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പാക്കേജ് ടൂറുകൾ, അയാട്ട അംഗീകാരമുള്ള ട്രാവൽ ഏജൻസികൾ ആരംഭിക്കുക തുടങ്ങിയവയും പദ്ധതിയുടെ ഭാഗമായുണ്ട്. അംഗങ്ങളുടെ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനും, വായ്പ പദ്ധതികൾ നടപ്പിലാക്കുന്നതിനും പുനരധിവാസ സംരംഭക വായ്പകൾ നൽകുന്നതിനും സംഘം മുൻഗണനാക്രമത്തിൽ പദ്ധതികൾക്ക് രൂപം നൽകി വരുന്നു.

4. വനിത എൻ.ആർ.കെ സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവൽക്കരണവും നടത്തിവരുന്നു.

5. എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പ്പോർട്ട് ഓഫീസുകളിൽ Pre embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും വിദേശ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സർക്കാർ തലത്തിൽ കൈമാറി.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, കെസ് (KASE) ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു.

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS ൽ നടന്നുവരുന്നു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു. ഇതിന്റെ ഒന്നാം ലക്കം ഒന്നാം വാല്യം രണ്ടാം ലോക കേരള സഭയിൽ പ്രകാശനം ചെയ്തു.

എൻ.ആർ.ഐ ബാങ്ക് & എൻ.ആർ.ഐ കലോത്സവം എന്നീ ശുപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.